**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1139** **27-07-2021 - ൽ മറുപടിയ്ക്ക്**

**അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക പൂർണ്ണമായും റവന്യൂ അധികൃതർക്ക് കൈമാറിയിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ വേഗത്തിലാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (എ) | അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല യുടെ ആസ്ഥാനം വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിന് ഭൂമിയുടെ ന്യായവിലയായ 106,91,07,777/- രൂപ ബന്ധപ്പെട്ട റവന്യൂ ഹെഡിൽ സർവകലാശാല സ്വന്തം ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുണ്ട്. വസ്തു ഏറ്റെടുക്കൽ നടപടികളിലെ ഏറ്റവും നിർണ്ണായകമായ 19(1) ഡിക്ലറേഷൻ റവന്യൂ വകുപ്പ് 2021 ജനുവരി 21 ന് പ്രസിദ്ധീകരിച്ചു. തുടർന്ന് 2021 ഫെബ്രുവരി 17-ാം തീയതി ബഹു: മുഖ്യമന്ത്രി ക്യാമ്പസ് പദ്ധതിയുടെ ഉദ്ഘാടനവും നിർവഹിച്ചു. ഏറ്റെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വിലയും അതിലെ വൃക്ഷങ്ങളുടെയും കെട്ടിടങ്ങളുടെയും മറ്റു നിർമ്മാണ പ്രവർത്തനങ്ങളുടെയും വിലയും നിശ്ചയിച്ചുകൊണ്ടുള്ള 'അന്തിമ വില നിർണ്ണയ റിപ്പോർട്ട്' റവന്യൂ വകുപ്പ് തയ്യാറാക്കിവരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സ്ഥലമേറ്റെടുക്കലും ചുറ്റുമതിൽ നിർമ്മാണവും ആസ്ഥാനമന്ദിര നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവുമാണ് ഉദ്ദേശിക്കുന്നത്. സ്ഥലമേറ്റെടുപ്പിന് സർവകലാശാല നൽകിയ 106.91 കോടി രൂപ കഴിഞ്ഞ്, ബാക്കി തുക 243 കോടി രൂപയും, ഒന്നാം ഗഡു ആയ 175 കോടി രൂപയും ചേർത്ത് ആകെ 418 കോടി രൂപ ആവശ്യമായിട്ടുണ്ട്. 2021-22 ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി 6 കോടി രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്. ബാക്കി തുക കൂടി അനുവദിച്ചു കിട്ടുകയും റവന്യൂ വകുപ്പ് സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ